## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 171 — 07-08-2017 ൽ മറുപടിയ്ക്ക്

## പെരിങ്ങോം ഫയർസ്റ്റേഷൻ കെട്ടിടം

| ചോദ്യം<br>**ശ്രീ.സി.കൃഷ്ണൻ** | മറുപടി<br>**ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| എ) **2016-17** വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഫയർസ്റ്റേഷൻ കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയോ; ഇല്ലെങ്കിൽ ഭരണാനുമതി സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;<br><br>ബി) ഭരണാനുമതി ലഭ്യമാകാൻ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാലതാമസം എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | **(എ)& (ബി)**<br>ഇല്ല. പെരിങ്ങോം ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റ് റിപ്പോർട്ടും റൂറൽ ഫയർസ്റ്റേഷൻ മാതൃകയിൽ കെട്ടിടം നിർമ്മിക്കുന്നതിനായി പുതുക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് ഡയറക്ടർ ജനറൽ പരിശോധിച്ചുവരുന്നു. |
| സി) പെരിങ്ങോം ഫയർസ്റ്റേഷൻ കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിന് എന്നത്തേക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | സി) ഫയർ & റെസ്ക്യൂ സർവീസസ് ഡയറക്ടർ ജനറൽ പ്ലാനും എസ്റ്റിമേറ്റും സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ